ചുള്ളിക്കര-കുറ്റിക്കോൽ റോഡ് മെക്കാഡം ടാർ ചെയ്യൽ

279(1350) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭിച്ച കാസർകോട് ജില്ലയിലെ ചുള്ളിക്കര-കുറ്റിക്കോൽ റോഡ് മെക്കാഡം ടാർ ചെയ്യുന്നതിനുള്ള ടെണ്ടർ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ടെണ്ടർ അനുവദിച്ചുനൽകിയ കരാറുകാരനും പൊതുമരാമത്ത് വകുപ്പും തയ്യാറാക്കിയ എഗ്രിമെന്റിലെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; എഗ്രിമെന്റ് നടപ്പിലാക്കുന്നതിൽ കോൺട്രാക്ടർ വീഴ്ച വരുത്തിയിട്ടുണ്ടോ ; എങ്കിൽ കോൺട്രാക്ടറോട് വിശദീകരണം ആരാഞ്ഞുകൊണ്ട് കത്തുകൾ നൽകിയിട്ടുണ്ടോ ; നൽകിയിട്ടുണ്ടെങ്കിൽ എപ്പോഴൊക്കെ നല്കിയെന്ന് കത്ത് നമ്പർ അടക്കം പറയാമോ; കത്തുകൾക്ക് കോൺട്രാക്ടറുടെ മറുപടി ലഭിച്ചിട്ടുണ്ടോ;

(സി) മറുപടി ലഭിച്ചെങ്കിൽ മറുപടിയിൽ സൂചിപ്പിച്ച കാര്യങ്ങൾ വ്യക്തമാക്കാമോ; എഗ്രിമെന്റ് പാലിച്ചിട്ടില്ലെങ്കിൽ കോൺട്രാക്ടറുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ നടപടികളാണെന്ന് പറയാമോ ; പ്രവർത്തികൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ചുള്ളിക്കര കുറ്റിക്കോൽ റോഡിന്റെ കി.മീ. 0/000 മുതൽ 10/500 വരെ മെക്കാഡം ടാറിംഗ് പ്രവൃത്തിക്ക് 4 കോടി രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും 21-3-2013-ലെ സ.ഉ.(സാധാ) നമ്പർ 395/2013/പൊ.മ.വ. ഉത്തരവ് പ്രകാരം നൽകിയിരുന്നു. ഈ പ്രവൃത്തിയുടെ ടെണ്ടർ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ടെണ്ടർ നമ്പർ	14/2013-14
ടെണ്ടർ തീയതി	5-12-2013
കരാറുകാരൻ	ശ്രീ. മുഹമ്മദ് ജാനിഷ് ചട്ടഞ്ചാൽ
പ്രവൃത്തിയുടെ എഗ്രിമെന്റ് കാലാവധി	9 മാസം
എഗ്രിമെന്റ് നമ്പർ	എസ്.ഇ.(കെ) 249/2013-14 തീയതി 26-2-2014
എസ്റ്റിമേറ്റ് പി.എ.സി.	36198354
ടെണ്ടർ നിരക്ക്	(-10.80%)

GPM. 2/239/2020-41

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ടി പ്രവൃത്തിയുടെ എഗ്രിമെന്റ് പ്രകാരം കി.മീ. 0/000 മുതൽ 3/000 വരെ ബി.എം. & ബി.സി. ടാറിംഗ് പ്രവൃത്തിയും കൾവെർട്ട് റീട്ടെയിനിംഗ് വാൾ, ഡ്രെയിനേജ് എന്നിവയുടെ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി തീർക്കേണ്ട കാലാവധി 9 മാസമാണ്. എന്നാൽ കരാറുകാരൻ പ്രവൃത്തി ആരംഭിച്ചിട്ടില്ല. തുടർന്ന് കാഞ്ഞങ്ങാട് റോഡ്സ് സബ്ഡിവിഷൻ ഓഫീസിൽ നിന്നും 24-9-2014, 25-10-2014, 15-9-2015 എന്നീ തീയതികളിൽ D4/1625/2012 നമ്പർ കത്തുകൾ പ്രകാരം വിശദീകരണവും, വെസ്റ്റ് എളേരി അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിൽ നിന്നും സൈറ്റ് ഏറ്റെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 7-3-2014-ലെ എ.ഇ./ഡബ്ല്യൂ/ജി.ഇ.എൻ.സി.കെ./2013-14 നമ്പർ കത്തും നൽകിയിരുന്നു. എന്നാൽ എസ്റ്റിമേറ്റിൽ കൊടുത്തിരിക്കുന്ന അളവുകളിൽ ചില മാറ്റങ്ങൾ ആവശ്യമാണെന്നും ആയതിനാൽ സൈറ്റ് ഏറ്റെടുക്കാൻ സാധ്യമല്ലെന്നും പ്രസ്തുത പ്രവൃത്തിയുടെ എഗ്രിമെന്റിൽ നിന്നും തന്നെ ഒഴിവാക്കണമെന്നും കരാറുകാരൻ അഭ്യർത്ഥിക്കുകയുണ്ടായി. തുടർന്ന് പ്രവൃത്തി ടെർമിനേറ്റ് ചെയ്യുന്നതിനാവശ്യമായ നടപടികൾ കോഴിക്കോട് നിരത്തുകളും പാലങ്ങളും ഉത്തരമേഖലാ വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു. പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കാലിക്കടവ് - തൃക്കരിപ്പൂർ ഒളവറ റോഡ്

280(1351) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലത്തിലൂടെ കടന്നുപോകുന്ന കാലിക്കടവ്-തൃക്കരിപ്പൂർ ഒളവറ പൊതുമരാമത്ത് വകുപ്പ് റോഡ് സ്റ്റേറ്റ് ഹൈവേ ആയി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പ് സ്റ്റേറ്റ് ഹൈവേ ആയി ഉയർത്തുന്നതു സംബന്ധിച്ച് സർക്കാർ തീരുമാനമൊന്നും എടുത്തിട്ടില്ല.

ശ്രീമൂലനഗരം പാലം

281(1352) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീമൂലം പാല (ശ്രീമൂലനഗരം പാലം)-ത്തിന്റെ ഉദ്ഘാടനം എന്നാണ് നിർവ്വഹിച്ചതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly